പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5487

06/07/2012-ൽ മറുപടിയ്ക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പെട്രോൾ പമ്പുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് പെട്രോൾ പമ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എവിടെയൊക്കെയാണ് പമ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലയ്ക്കൽ, അരൂർ, വണ്ടാനം, കഴക്കൂട്ടം, ശംഖുമുഖം എന്നീ സ്ഥലങ്ങളിൽ ദേവസ്വം വക വസ്തുക്കളിൽ ആധുനിക രീതിയിലുള്ള പെട്രോൾ, ഡീസൽ പമ്പുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ഇത് സംബന്ധിച്ച് ഓയിൽ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (സി) നിലയ്ക്കലിൽ പെട്രോൾ പമ്പ് തുടങ്ങുന്നതിന് ഐ.ഒ.സി. മുഖേന നടപടികൾ നടന്നുവരുന്നു. ഇതു സംബന്ധിച്ച് അപേക്ഷ നൽകിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ പൊതുമേഖല എണ്ണ കമ്പനികളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (ഡി) ശബരിമല ദർശനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സൗകര്യത്തിനുവേണ്ടിയാണ് നിലയ്ക്കലിൽ പെട്രോൾ പമ്പ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ദേവസ്വം ബോർഡു വക തരിശായി കിടക്കുന്ന വസ്തുക്കളിൽ ആദായകരമായ സംരഭങ്ങൾ ആരംഭിക്കുക വഴി ബോർഡിനു കൂടുതൽ വരുമാനം ഉണ്ടാക്കുകയാണ് മറ്റൊരു ലക്ഷ്യം. |

സെക്ഷൻ ഓഫീസർ